**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2416** **15-10-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ? | (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വടക്കാഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമാണത്തിന് 12.10.2017 ലെ ഉത്തരവ് നം. APR-3/137/2017/KIIFB പ്രകാരം 4,86,00,000/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യ നിർവ്വഹണ ഏജൻസിയായ കൈറ്റ് പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചെങ്കിലും സ്കൂൾ നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിനാൽ ടി കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. തുടർന്ന്, പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റിനെ മാറ്റി കിറ്റ്കോയെ ടി സ്കൂളിലെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ സർക്കാർ നിയോഗിച്ചു. 06.07.2023 ലെ ഉത്തരവ് നം. GED005-25/APR-2/2023/KIIFB പ്രകാരം ടി സ്കൂളിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4,50,39,258/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. പുതിയ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ പ്രസ്തുത പദ്ധതിയുടെ ബാക്കി പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുകയും ടി പ്രവൃത്തിയുടെ ടെക്നിക്കൽ ബിഡ് 16.08.2024 – ന് പരിശോധിക്കുകയും ടെക്നിക്കൽ ഇവാല്യൂവേഷൻ പൂർത്തികരിച്ച ശേഷം അധിക പ്രമാണങ്ങൾ ബിഡ്ഡർമാരിൽ നിന്നും ആവശ്യപ്പെടുകയും ചെയ്തു. 04.09.2024 – ന് പ്രമാണങ്ങൾ അന്തിമമാക്കുകയും തുടർന്ന് ടെണ്ടർ അക്സെപ്റ്റൻസ് കമ്മിറ്റിയിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം 11.09.2024 – ന് പദ്ധതി നിർവ്വഹണ ഏജൻസി പ്രൈസ് ബിഡുകൾ തുറന്ന് പരിശോധിക്കുകയും ചെയ്തു. സമർപ്പിച്ച റേറ്റ് കുറയ്ക്കുന്നതിനായി L1 ബിഡ്ഡറുമായി പദ്ധതി നിർവ്വഹണ ഏജൻസി ചർച്ച നടത്തി വരികയാണ്. |

| | | | |
|---|---|---|---|
| | | | ആയത് പൂർത്തിയാക്കി കരാർ അംഗീകരിച്ച് നൽകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ